## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*294** 16.12.2015 ൽ മറുപടിയ്ക്ക്

# കുട്ടനാട് പാക്കേജ് തുടരുന്നതിനുള്ള നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജി. സുധാകരൻ :<br>ശ്രീ.എം.എ. ബേബി :<br>ശ്രീ.സി.കെ. സദാശിവൻ :<br>ശ്രീ. എ. എം. ആരിഫ് : | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ മന്ത്രി) |
| (എ) കുട്ടനാട് പാക്കേജ് പരാജയപ്പെട്ടിട്ടുണ്ടോ; കാരണം എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) കുട്ടനാട് പാക്കേജ് പരാജയപ്പെട്ടതായി സർക്കാർ കരുതുന്നില്ല. എന്നാൽ പദ്ധതികൾ നടപ്പാക്കുന്നതിൽ കാലതാമസം ഉണ്ടായിട്ടുണ്ട്. ഇതിലെ പദ്ധതികൾ വിവിധ വകുപ്പുകളുടെ നിലവിലുള്ള തുടർ സ്കീമുകളിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നുണ്ട്. |
| (ബി) കാലാവധി അവസാനിച്ച കുട്ടനാട് പാക്കേജിന്റെ ഇനിയുള്ള നടത്തിപ്പ് എങ്ങനെ എന്നത് സംബന്ധിച്ച് വിശദമാക്കാമോ ; | (ബി) കുട്ടനാട് പാക്കേജിൻ കീഴിൽ അംഗീകാരം ലഭിച്ച പദ്ധതികൾക്ക് മുൻഗണന നല്കേണ്ടതും ബാക്കി അവശേഷിക്കുന്ന പദ്ധതികൾ സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന തുടർ പദ്ധതികളിൽ ഉൾക്കൊള്ളിച്ച് പൂർത്തിയാക്കേണ്ടതാണെന്നും കേന്ദ്രസർക്കാർ അറിയിച്ചിട്ടുള്ള പ്രകാരം നടപടികൾ തുടർന്നു വരുന്നുണ്ട്. |
| (സി) പദ്ധതി നടത്തിപ്പിൽ അഴിമതി നടന്നിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ; | (സി) പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ടുള്ള പരാതികൾ ശ്രദ്ധയിൽപ്പെടുമ്പോൾ ഉചിതമായ നടപടി സ്വീകരിക്കുന്നുണ്ട്. |
| (ഡി) പദ്ധതി നടത്തിപ്പിലെ വീഴ്ച കൊണ്ട് സംസ്ഥാനത്തിന് ലഭിക്കേണ്ട കേന്ദ്ര ഫണ്ട് നഷ്ടമായിട്ടുണ്ടെങ്കിൽ അത് സംബന്ധിച്ച് വിലയിരുത്തുമോ ; | (ഡി) കുട്ടനാട് പാക്കേജിൻ കീഴിൽ അംഗീകാരം ലഭിച്ച 1268.127 കോടി രൂപയുടെ പദ്ധതികളിൽ കേന്ദ്ര/സംസ്ഥാന സർക്കാർ റിലീസ് ചെയ്ത 654.138 കോടി രൂപയിൽ 622..34 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്. |
| (ഇ) പദ്ധതി വീണ്ടും നീട്ടി നൽകണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിരുന്നോയെന്നും അത് സംബന്ധിച്ച് കേന്ദ്ര തീരുമാനം എന്തായിരുന്നുവെന്നും വ്യക്തമാക്കാമോ? | (ഇ) കുട്ടനാട് പാക്കേജിന്റെ കാലാവധി 2012 ജൂലൈയിൽ അവസാനിച്ചതായാണ് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുള്ളത്. ബഹു. മുഖ്യമന്ത്രി 07.10.14 , 16.10.14 തീയതികളിലെ കത്തുകളിലൂടെ കുട്ടനാട് പാക്കേജിന്റെ കാലാവധി 2 വർഷം കൂടി നീട്ടിക്കിട്ടാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കുട്ടനാട് പാക്കേജിന്റെ ജലസേചന വകുപ്പിൻ കീഴിൽ വരുന്ന KEL-1, |

KEL-2 പദ്ധതികൾക്ക് മാർച്ച് 2015 വരെയും KEL-3, ഓണാട്ടുകര പദ്ധതികൾക്ക് ഡിസംബർ 2016 വരെയും കേന്ദ്രം സമയപരിധി നീട്ടി നല്കിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**